**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1577** **16-10-2026-ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ വാട്ടർ സ്പോർട്സ് വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. ഡി. തോമസ് ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ മണ്ഡലത്തിലെ കായലുകളും തോടുകളും ഉൾപ്പെടെയുള്ള വിശാലമായ ജലാശയങ്ങളെ പ്രയോജനപ്പെടുത്തി ആലപ്പുഴയെ ഒരു അന്താരാഷ്ട്ര നിലവാരമുള്ള വാട്ടർ സ്പോർട്സ് ഹബ്ബ് ആക്കി മാറ്റുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കുട്ടനാട്ടിൽ കാനോയിങ്, കയാക്കിങ് എന്നിവയുടെ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിന്, കിഫ്ബി (KIIFB) പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി (Land Acquisition) കിഫ്ബി വഴി 8 കോടി രൂപയുടെ ധനാനുമതിയും (Financial Sanction) നൽകിയിരുന്നു.

എന്നാൽ, ബന്ധപ്പെട്ട നടപടികൾ നിർത്തിവയ്ക്കാൻ കിഫ്ബി നിർദേശിച്ചുണ്ടെന്നും ആലപ്പുഴ റോവിംഗ് ട്രാക്ക് നവീകരണവും ഹോസ്റ്റൽ നിർമ്മാണ പദ്ധതിയും റദ്ദാക്കണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി റദ്ദാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് SAI അധികൃതരുമായി കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിലെ SAI വാട്ടർ സ്പോർട്സ് സെന്ററിന് സമീപം വാട്ടർ സ്പോർട്സിന് അനുയോജ്യമായ ഭൂമി ഏറ്റെടുക്കുന്നതിനോ അനുവദിച്ച് ലഭിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** കയാക്കിങ്, തുഴച്ചിൽ (റോവിങ്), ഡ്രാഗൺ ബോട്ട് റേസിങ്, ജെറ്റ് സ്കീയിങ് തുടങ്ങിയ വാട്ടർ സ്പോർട്സ് ഇനങ്ങൾ പരിശീലിക്കുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാദേശിക കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും അതുവഴി കായിക മേഖലയിലും ടൂറിസം മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**